"ഭരണഭാഷ മാതൃഭാഷ"

**കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

(1956 ലെ കമ്പനി നിയമപ്രകാരം രൂപീകൃതമായത്)

CIN: U40100KL2011SGC027424

ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവ്വഹണം) കാര്യാലയം

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-695 004. കേരള

ടെലിഫോൺ നം. : 91-471-2448948

ഫാക്സ് : 91-471-2441361

ഇ-മെയിൽ : cehrm@ksebnet.com

വെബ് സൈറ്റ് : www.kseb.in.

## സംഗ്രഹം

വിഷയം:- കെ.എസ്.ഇ.ബി. ലിമിറ്റഡിലെ പെറ്റി കോൺട്രാക്ട് വർക്കേഴ്സിൽ നിന്ന് മസ്ദൂർ തസ്തികയിലേക്കുള്ള നിയമനം - ജോലിയിൽ പ്രവേശിക്കാത്തവരുടെ ഒഴിവുകൾ- കേരള പബ്ലിക് സർവ്വീസ് കമ്മീഷന് എൻ.ജെ.ഡി ആയി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

## കോർപ്പറേറ്റ് ഓഫീസ് (എച്ച്. ആർ.എം)

B.O (FTD) No.337/2020 (EBEW/NJD/Petty Contractor-Mazdoor/2020-21)Tvpm, Date 20/05/2020

സൂചന:- 1. 31.08.2019 – ലെ B.O(FTD)652/2019 (EBEW/Petty Contract Workers/25/ 2017) നമ്പർ ബോർഡ് ഉത്തരവ്.

2. 11.02.2020-ലെ ചീഫ് പെഴ്സണൽ ഓഫീസറുടെ, ചീഫ് എഞ്ചിനീയർ, മാനവ വിഭവശേഷി നിർവ്വഹണം - ത്തിനുള്ള PS1/ID-27/2002/Part.II b നമ്പർ കുറിപ്പ്.

3. 3.3.2020-ന് ഡയറക്ടർ (D, IT & HRM) – ന് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) സമർപ്പിച്ച EBEW/Petty Contractor – Mazdoor /NJD/2019-20 നമ്പർ കുറിപ്പ്.

4. 16.04.2020 ന് ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) ഫുൾടൈം ഡയറക്ടർമാർക്ക് ഡയറക്ടർ (D,IT & HRM) മുഖാന്തിരം സമർപ്പിച്ച **EBEW/NJD/Petty Contractor-Mazdoor**/2020-21 നമ്പർ കുറിപ്പ് (അജൻഡ 60/4/20).

## ഉത്തരവ്

പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ 15.12.2004-ലെ വിധിയുടെ അടിസ്ഥാനത്തിൽ കരാർ തൊഴിലാളികളെ, ബോർഡ് സർവ്വീസിൽ, ഇലക്ട്രിസിറ്റി വർക്കർ തസ്തികയിൽ സ്ഥിരനിയമനം നടത്തുന്നതിന് തീരുമാനിക്കുകയും ഇതനുസരിച്ച്, മേൽവിധി തീയതിയിൽ 1200 പ്രവൃത്തി ദിനങ്ങൾ പൂർത്തീകരിച്ച കരാർ തൊഴിലാളികളെ ഭരണഘടന അനുസാശിക്കുന്ന നിയമപരമായ സംവരണതത്ത്വ മാനദണ്ഡങ്ങൾക്ക് അനുസൃതമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോഴിക്കോട് മേഖലാ ഓഫീസിൽ നിന്ന് ലഭ്യമാക്കിയ റാങ്ക് പട്ടികയിൽ നിന്നും അവരുടെ വാസസ്ഥലം ഉൾപ്പെടുന്ന ജില്ലയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് പട്ടിക തയ്യാറാക്കി അതാത് ജില്ലകളിലേക്ക് നിയമനത്തിനായി ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത പട്ടികയിലുൾപ്പെട്ട 1486 പേർക്ക്, സൂചന (1) ബോർഡ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാതല നിയമന ഉത്തരവ് നൽകാനായി ബോർഡ് അതാത് നിയമനാധികാരിയെ ചുമതലപ്പെടുത്തിയിരുന്നു. ഇതിൽ 31 ഉദ്യോഗാർത്ഥികൾ നിശ്ചിത സമയത്തിനുള്ളിൽ ജോലിക്ക് ഹാജരായിരുന്നില്ല. ഇപ്രകാരം ജോലിക്കായി ഹാജരാകാത്തവരുടെ എണ്ണം ബോർഡിന്റെ

മേൽ നിയമന വേളയിൽ ആകെ 165 ഒഴിവുകൾ മാത്രമാണ് ബോർഡിൽ നിലവിലുണ്ടായിരുന്നത്. ആകയാൽ ആകെ 1486 എണ്ണത്തിൽ 1321 പേർക്ക് സൂപ്പർ ന്യൂമററി നിയമനമാണ് നൽകിയിരുന്നത്.

മേൽ വിവരിച്ചിരിക്കുന്ന പ്രകാരം നിയമനം സംഖ്യാതീതമാകയാൽ പ്രവേശന ഉത്തരവ് നൽകിയിട്ടും നാളിതുവരെ ജോലിയിൽ പ്രവേശിക്കാതിരുന്ന 31 ഉദ്യോഗാർത്ഥികളുടെ പേരുവിവരം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനിൽ അറിയിക്കുന്നതിനുള്ള അനുമതിക്കായി സൂചന (4) കുറിപ്പ് ഫുൾടൈം ഡയറക്ടർമാരുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. 30.04.2020 ചേർന്ന ഫുൾടൈം ഡയറക്ടർമാരുടെ യോഗം പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും ജോലിയിൽ പ്രവേശിക്കാത്തവരുടെ എൻ.ജെ.ഡി ഒഴിവിലേക്ക്, നിലവിലെ റാങ്ക് ലിസ്റ്റിൽ അവശേഷിക്കുന്നവരിൽ നിന്ന് നിയമനത്തിനായി എൻ.ജെ.ഡി ഒഴിവായി ശുപാർശ ചെയ്യുവാനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ച് കൊള്ളുന്നു.

ഫുൾടൈം ഡയറക്ടർമാരുടെ ഉത്തരവ് പ്രകാരം

ഒപ്പ്

ലേഖ.ജി.

കമ്പനി സെക്രട്ടറി ഇൻ ചാർജ്

സ്വീകർത്താവ്:-

ചീഫ് എഞ്ചിനീയർ (മാനവ വിഭവശേഷി നിർവ്വഹണം)

പകർപ്പ്:-

1. ഫിനാൻഷ്യൽ അഡ്വൈസർ/ചീഫ് ഇന്റേണൽ ആഡിറ്റർ.
2. ചീഫ് എഞ്ചിനീയർ (ഐ.ടി)
3. കമ്പനി സെക്രട്ടറി ഇൻ ചാർജ്
4. ചെയർമാൻ & മനേജിങ് ഡയറക്ടർ/(ഡിസ്ട്രിബ്യൂഷൻ ഐ.റ്റി & എച്ച്.ആർ.എം) II/ഡയറക്ടർ (ട്രാൻസ്മിഷൻ, സിസ്റ്റം ഓപ്പറേഷൻ, സേഫ്റ്റി & സി.പി റീസ്)/ഡയറക്ടർ ജനറേഷൻ സിവിൽ/ഡയറക്ടർ ജനറേഷൻ ഇലക്ട്രിക്കൽ & എസ്.ഇ.എം.) എന്നിവരുടെ ടെക്നിക്കൽ അസിസ്റ്റന്റുമാർ.
5. വിജിലൻസ് ഓഫീസറുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
6. സെക്രട്ടറി (ഭരണം) യുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
7. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്